(ബി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥാപന ത്തിലെ ഉദ്യോഗസ്ഥന്മാരിൽ നിന്നും പിഴ ഈടാക്കിയിരുന്നുവോ;

(സി) എങ്കിൽ ഏതൊക്കെ ഉദ്യോഗസ്ഥരിൽനിന്നും എന്തു തുക വീതം ഈടാക്കിയെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ സ്ഥാപനത്തിൽനിന്നും കരിഞ്ചന്തയിൽ വിറ്റ അരി എപ്പോ ഴെങ്കിലും പോലീസ് പിടിച്ചെടുത്ത് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ടായി.

(ബി) പിഴ ഈടാക്കിയിരുന്നു.

(സി) സീനിയർ അസിസ്റ്റന്റ് ശ്രീ. അബ്ദുൾ ജബ്ബാർ, ഹെൽപ്പർ ശ്രീ. പ്രസന്നകുമാർ എന്നിവരിൽനിന്നും 5000 രൂപവീതം ലീഗൽ മെട്രോളജി വകുപ്പ് പിഴ ഈടാക്കിയിട്ടുണ്ട്. സബ്ഡിപ്പോയുടെ ചാർജ്ജ് വഹിച്ചിരുന്ന ശ്രീ. ആർ. വിക്രമൻ നായർക്ക് ലീഗൽ മെട്രോളജി വകുപ്പിൽനിന്നും നോട്ടീസ് കൊടുക്കുകയും 18.3.2000-വരെ പിഴ അടയ്ക്കുവാൻ സമയം നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി)&(ഇ) 1997 ഫെബ്രുവരി മാസം 20-ാം തീയതി ടെമ്പോ വാനുക ളിൽ കടത്തിക്കൊണ്ടുപോയ റേഷൻ സാധനങ്ങൾ വാനുകളിൽ പോയ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥന്മാരെ ദേഹോപദ്രവം ഏൽപ്പിച്ചതിനെ സംബ ന്ധിച്ച് ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പുറമെ 1997 സെപ്റ്റംബർ മാസം 8-ാം തീയതി കെ.എൽ. - 01 ഡി-189-ാം നമ്പർ ലോറിയിൽ അനധികൃതമായി റേഷൻ സാധനങ്ങൾ കടത്തിക്കൊണ്ടുപോകുമ്പോൾ ഫോർട്ട് പോലീസ് പിടി ച്ചെടുത്ത അവശ്യവസ്തു നിയമപ്രകാരം 460/97-ാം നമ്പരായി മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

141 (2955) മാവേലിസ്റ്റോറുകൾ

ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ എത്ര മാവേലിസ്റ്റോറുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്; ഇതിന്റെ ജില്ല തിരി ച്ചുള്ള കണക്ക് വ്യക്തമാക്കുമോ;

(ബി) സപ്ലൈകോയുടെ കീഴിൽ മാവേലിസറ്റോറുകൾക്കു പുറമെ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ ഏതെല്ലാം;

(സി) എത്ര സൂപ്പർ മാർക്കറ്റുകളും മിനി സൂപ്പർ മാർക്കറ്റുകളും പ്രവർത്തിക്കുന്നുണ്ട്;

(ഡി) സപ്ലൈകോയുടെ കീഴിൽ എത്ര വർക്കർമാരും ഹെൽപ്പർമാരും ജോലി ചെയ്യുന്നുണ്ട്;

(ഇ) സപ്ലൈകോയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എത്രപേർ ജോലി ചെയ്യുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ജീവനക്കാർക്ക് അവരുടെ ഉത്തരവാദിത്വത്തിൽ സപ്ലൈകോ സ്ഥാപനങ്ങളിൽ ജോലിക്കാരെ നിയമിക്കാൻ അധികാരം നൽകിയിട്ടുണ്ടോ; ഇവരുടെ വേതനം എത്ര;

(ജി) ആവശ്യത്തിന് ജീവനക്കാർ ഇല്ലാത്തത് കണക്കിലെടുത്ത് പുതിയ നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ മൊത്തം 745 മാവേലിസ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് താഴെ പറയുന്നു.

	ജില്ല		എണ്ണം
1.	തിരുവനന്തപുരം	-	65
2.	കൊല്ലം	-	68
3.	പത്തനംതിട്ട	-	38
4.	ആലപ്പുഴ	-	54
5.	കോട്ടയം	-	56
6.	ഇടുക്കി	-	24
7.	എറണാകുളം	-	83
8.	തൃശ്ശൂർ	-	76
9.	പാലക്കാട്	-	51
10.	മലപ്പുറം	-	71
11.	കോഴിക്കോട്	-	62
12.	വയനാട്	-	19
13.	കണ്ണൂർ	-	54
14.	കാസർഗോഡ്	-	24

(ബി) സപ്ലൈകോയുടെ കീഴിൽ മാവേലിസ്റ്റോറുകൾക്കു പുറമേ സൂപ്പർമാർക്കറ്റുകൾ, മാവേലി മെഡിക്കൽ സ്റ്റോറുകൾ, പെട്രോൾ ബങ്കുകൾ, മണ്ണെണ്ണ ഡിപ്പോ, ഗ്യാസ് ഔട്ട്ലെറ്റുകൾ എന്നിവ പ്രവർത്തിക്കുന്നു. ഇതിനു പുറമെ റേഷൻ കടകൾക്ക് റേഷൻ സാധനങ്ങൾ വിതരണം നടത്തുന്നതിനായി സബ്ഡിപ്പോകളും പ്രവർത്തിക്കുന്നുണ്ട്. റേഷൻ കടകൾക്കുള്ള പഞ്ചസാര വിതരണം സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ താലൂക്ക് ഡിപ്പോകൾ വഴിയും നടത്തുന്നുണ്ട്.

(സി) 18 സൂപ്പർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നു.

(ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ വർക്കർ എന്നൊരു തസ്തിക ഇല്ല. ഈ കാറ്റഗറിയിൽപ്പെടുന്ന ഹെൽപ്പർ തസ്തികയിലും മറ്റു തസ്തികകളിലും ജോലി ചെയ്യുന്ന ജീവനക്കാരുടെ ഇനം തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

ഹെൽപ്പർ	-	1320
സെയിൽസ്മാൻ	-	42
സെക്യൂരിറ്റി	-	05
ഫുൾടൈം സ്വീപ്പർ	-	02

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഇപ്പോൾ 1173 പേർ ജോലി ചെയ്യുന്നുണ്ട്.

(എഫ്) ജീവനക്കാർക്ക് അവരുടെ ഉത്തരവാദിത്വത്തിൽ തുടർച്ചയായി ജോലിക്കാരെ നിയമിക്കാൻ അധികാരം നൽകിയിട്ടില്ല. എന്നാൽ ഒരു ജീവനക്കാരൻ മാത്രമായി ചാർജ്ജ് വഹിക്കുന്നതോ അല്ലെങ്കിൽ ഷോപ്പുമാനേജരും ഒരു ഹെൽപ്പറും മാത്രം ജോലി നോക്കുന്നതും പ്രതിദിനം 5000/-രൂപയിൽ കൂടുതൽ വിറ്റുവരവുള്ളതുമായ മാവേലി സ്റ്റോറുകളിൽ വിറ്റുവരവ് വർദ്ധിക്കുന്നതിനനുസരിച്ച് പൊതുജനങ്ങളുടെ സൗകര്യാർത്ഥം പാക്കിംഗ് ജോലി ചെയ്യിക്കുന്നതിന് പ്രതിദിനം 76 രൂപ വരെ ചെലവാക്കാൻ ബന്ധപ്പെട്ട മാവേലി മാനേജർക്ക് അധികാരം നൽകിയിട്ടുണ്ട്.

(ജി) കൂടുതൽ സ്റ്റാഫിനെ നിയമിക്കണമെന്ന ആവശ്യം സംബന്ധിച്ച് ശാസ്ത്രീയമായ പഠനം നടത്തി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുവാൻ സിവിൽ സപ്ലൈസ് കോർപ്പറേഷനോട് സർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്.

142 (2456) ഭക്ഷ്യ വസ്തുക്കളുടെ സബ്സിഡി കുറയ്ക്കുന്ന നടപടി

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ 2000-2001 ബഡ്ജറ്റിലൂടെ ഭക്ഷ്യ ധാന്യങ്ങളുടേയും മറ്റു ഭക്ഷ്യ വസ്തുക്കളുടേയും സബ്സിഡി ഗണ്യമായി വെട്ടിക്കുറച്ചിരിക്കുന്നു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുമൂലം അരിയുൾപ്പെടെയുള്ള ഭക്ഷ്യധാന്യങ്ങളുടെ വില ഉയരുന്നത് തടയുന്നതിന് എന്തെങ്കിലും നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേന്ദ്ര സർക്കാർ ഭക്ഷ്യ ധാന്യങ്ങളുടെയും മറ്റും സബ്സിഡി ഗണ്യമായി വെട്ടിക്കുറച്ചതിന്റെ ഫലമായി സംസ്ഥാനം നേരിടേണ്ടിവരുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിന് നിലവിലുള്ള സാമ്പത്തിക പരിധിക്കുള്ളിൽ നിന്നുകൊണ്ട് സാദ്ധ്യമായതെല്ലാം ചെയ്യുന്നതിന് സംസ്ഥാന സർക്കാർ നടപടിയെടുത്തുവരുന്നു.

143 (2457) മലബാർ ഭാഗത്തെ റേഷൻ വിതരണം

ശ്രീ. സി. മൊയീൻകുട്ടി :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ റംസാൻ - ക്രിസ്തുമസ് ആഘോഷവേളകളിൽ മലബാർ ഭാഗത്ത് എഫ്.സി.ഐ. ഗോഡൗണിൽനിന്നും റേഷൻ വിതരണത്തിന് അനുവദിച്ചത് ഉപയോഗയോഗ്യമല്ലാത്ത അരിയാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly